# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആ.വ.ഡ. - ശ്രീമതി. ഷംന കെ ബാബു, റേഡിയോഗ്രാഫർ ഗ്രേഡ് II - അനധികൃതാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്തു് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 04.08.2023 തീയതിയിലെ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ2-374/2023 നം. കത്ത്.
2. 17.10.2023 തീയതിയിലെ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ DMOH-KTM/1100/2023-A6 നം. കത്ത്..
3. 20.04.2024 തീയതിയിലെ DHS/1036/2023-EF3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ഷംന കെ ബാബു 09.05.2024 തീയതിയിൽ സമർപ്പിച്ച മറുപടി.

**ഉത്തരവ് നം: ആ.വ.ഡ./1036/2023- ഇ.എഫ്.3, തീയതി: 04-03-2026**

---

**10.10.2012** പൂർവാഹ്നത്തിൽ ആരോഗ്യവകുപ്പിൽ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ഷംന കെ ബാബു കോട്ടയം ജില്ലയിലെ പാലാ ജനറൽ ആശുപത്രിയിൽ ജോലി ചെയ്യവേ **22.05.2013** തീയതിയിൽ **KSR Part-1 Appendix XII A** പ്രകാരം **5** വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. അവധികാലയളവ് തീർന്ന മുറയ്ക്ക് ടിയാളുടെ അപേക്ഷ പ്രകാരം **5** വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ശൂന്യവേതനാവധി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് **01.02.2023** ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാൾ ജോലിയിൽ പ്രവേശിച്ചില്ല എന്ന് പരാമർശം **(1)**, **(2)** എന്നിവ പ്രകാരം

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറും കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് & കണ്ടക്റ്റ് (Work&Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരം ശ്രീമതി. ഷംന ബാബു കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുകയുണ്ടായി. എന്നാൽ ടി മറുപടി തൃപ്തികരമായിരുന്നില്ല.

01.02.2023 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷനർ ആയ ശ്രീമതി. ഷംന കെ ബാബു - ന്റെ വർക്ക് & കണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം, ശ്രീമതി ഷംന കെ ബാബു, റേഡിയോഗ്രാഫർ ഗ്രേഡ് I ന്റെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യുവാനുള്ള പരാമർശം (3) പ്രകാരമുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി 01.02.2023 പ്രാബല്യത്തിൽ ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 04-03-2026
10:12:02

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

1. ശ്രീമതി. ഷംന കെ ബാബു
**Nimin Nivas, Elamannoor P O, Pathanamthitta**
2. ശ്രീമതി. ഷംന കെ ബാബു **C/o Nisha K Babu**
**Kuzhimannil Parambil, Mangaram**
**Pandalam P O, Pathanamthitta 689501**

പകർപ്പ്,

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്/കോട്ടയം
2. സൂപ്രണ്ട്, ജില്ലാ ആശുപത്രി, പാലക്കാട്
3. സൂപ്രണ്ട്, ജനറൽ ആശുപത്രി, പാല, കോട്ടയം
4. ഫയൽ കരുതൽ ഫയൽ